**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 180** **14-10-2024 - ൽ മറുപടിയ്ക്ക്**

**സുജലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എ. രാജ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ശുദ്ധമായ കുടിവെള്ളം മിതമായ നിരക്കിൽ എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 'സുജലം' എന്ന പുതിയ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | (എ) | ഉണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ 'ഹില്ലി അക്വാ' കുപ്പിവെള്ളം ലിറ്ററിന് 10/- രൂപ നിരക്കിൽ റേഷൻകടകൾ വഴിയും കെ - സ്റ്റോർ വഴിയും വിതരണം ചെയ്യുന്നു. 'സുജലം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 23/12/2023-നാണ് നിർവഹിച്ചിട്ടുള്ളത്. പദ്ധതിക്കായി പൊതു വിതരണ ഉപഭോക്തൃകാര്യ കമ്മീഷണറും കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും ധാരണാ പത്രം ഒപ്പിട്ടുണ്ട്. കുപ്പി വെള്ളം റേഷൻ വ്യാപാരികൾക്കു ക്രെഡിറ്റ് വ്യവസ്ഥയിൽ വിതരണം ചെയ്യുന്നതിന് ധാരണയായിട്ടുണ്ട്. അംഗീകൃത വിതരണക്കാരിൽ നിന്നും റേഷൻവ്യാപാരിക്ക് 8/- രൂപ നിരക്കിൽ ലഭ്യമാകുന്ന കുപ്പിവെള്ളം, 10/- രൂപ നിരക്കിലാണ് ഉപഭോക്താക്കൾക്ക് റേഷൻ കട/ കെ-സ്റ്റോറിലൂടെ നൽകി വരുന്നത്.<br><br>ജില്ലാടിസ്ഥാനത്തിലുള്ള കുപ്പിവെള്ളത്തിന്റെ പുരോഗതി **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി റേഷൻ കടകളിലൂടെ നടപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഖണ്ഡം Aയുടെ മറുപടി കണ്ടാലും. |
| (സി) | പ്രസ്തുത പദ്ധതി പ്രാഥമികമായി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | സുജലം പദ്ധതി പ്രാഥമികമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വയനാട്; കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ വിതരണക്കാരുടെ സാന്നിധ്യം കുറവായതിനാൽ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| നം. | ജില്ല | വിറ്റു വരവ് | റിമാർക്സ് |
|---|---|---|---|
| 1. | തിരുവനന്തപുരം | 2073660 | |
| 2 | കൊല്ലം | 851400 | |
| 3 | പത്തനംതിട്ട | 622290 | |
| 4 | ആലപ്പുഴ | 1961840 | |
| 5 | കോട്ടയം | 388410 | |
| 6 | ഇടുക്കി | 1663680 | |
| 7 | എറണാകുളം | 375630 | |
| 8 | തൃശ്ശൂർ | 148112 | |
| 9 | പാലക്കാട് | 784830 | |
| 10 | മലപ്പുറം | 39600 | |
| 11 | വയനാട് | Nil | പദ്ധതി ആരംഭിച്ചിട്ടില്ല |
| 12 | കോഴിക്കോട് | Nil | പദ്ധതി ആരംഭിച്ചിട്ടില്ല |
| 13 | കണ്ണൂർ | Nil | പദ്ധതി ആരംഭിച്ചിട്ടില്ല |
| 14 | കാസർഗോഡ് | 126230 | പദ്ധതി ആരംഭിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ കുറച്ചു മാസങ്ങളായി ഏജൻസി കുപ്പിവെള്ളം ലഭ്യമാക്കുന്നില്ല. |
| | **ആകെ** | **9035682** | |

**സെക്ഷൻ ഓഫീസർ**